LIBRARY ARCHIVES Kerala Legislative Assembly

മയക്കുമരുന്നുകളുടെ വ്യാപനം തടയാൻ പദ്ധതി

152(5741) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് പോലീസ്, എക്സൈസ് വകുപ്പുകൾ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങളിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിനായി 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) മയക്കുമരുന്നുകളുടെ ഉല്പാദനം, വിതരണം, വിപണനം എന്നിവ ഫലപ്രദമായി തടയുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ തടയുന്നതിനോടൊപ്പംതന്നെ ലഹരിമുക്തമായ ഭാവി തലമുറയെ വാർത്തെടുക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

(സി) ഓരോ പോലീസ് സ്റ്റേഷന്റെ കീഴിലും ഒരു സബ് ഇൻസ്പെക്ടറും രണ്ട് പോലീസ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ കാമ്പയിനുകൾ സംഘടിപ്പിച്ചും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചും മയക്കുമരുന്നുകളുടെ ഉപയോഗവും വില്പനയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ, കോളേജ് എന്നിവ പോലീസ് സ്ഥിരമായി നിരീക്ഷിക്കുകയും ആരെങ്കിലും മയക്കുമരുന്നുകൾ വിൽക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശക്തമായി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. സംസ്ഥാനത്തേക്ക് മയക്കുമരുന്നുകൾ ചെറുവാഹനങ്ങളിൽ

കടത്തിക്കൊണ്ടുവരാനുള്ള സാധ്യത മുന്നിൽകണ്ട് ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. സംസ്ഥാന തലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി എക്സൈസ് വകുപ്പ് ഈ വർഷം ജൂൺ 15 മുതൽ ജൂലൈ 15 വരെ ഓപ്പറേഷൻ 'മൺഷൈൻ' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചിരുന്നു. ലഹരിവിരുദ്ധ സന്ദേശങ്ങൾ വിദ്യാർത്ഥികളിലേക്കെത്തിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും എക്സൈസ് വകുപ്പ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

കാർഷികാവശ്യത്തിനുള്ള ആയുധ ലൈസൻസ്

153(5742) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാടിസ്ഥാനത്തിനുള്ള ആയുധ ലൈസൻസ് പുതുക്കുന്നതിനും പുതിയവ ലഭ്യമാക്കുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ബി) വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചിട്ടുള്ള ഇക്കാലത്ത് കർഷകർക്ക് ആയുധ ലൈസൻസ് പുതുക്കി കിട്ടുന്നതിനും പുതിയവ ലഭിക്കുന്നതിനുമുള്ള നടപടികൾ ലഘൂകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാർഷിക ആവശ്യത്തിനുള്ള (ഫോം നമ്പർ V-ലെ) ആയുധ ലൈസൻസുകൾ, നിലവിലെ ആയുധ നിയമത്തിനും ചട്ടങ്ങൾക്കും കേന്ദ്ര സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കും വിധേയമായാണ് അനുവദിക്കുന്നത്. പോലീസ്, റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കർഷകർക്ക് ആയുധ ലൈസൻസുകൾ അനുവദിക്കുന്നത്.

(ബി) കാർഷിക ആവശ്യത്തിനുള്ള ആയുധ ലൈസൻസുകൾ അനുവദിക്കുമ്പോഴും പുതുക്കി നൽകുമ്പോഴും അപേക്ഷകന്റെ/ലൈസൻസിയുടെ ജീവന് ഭീഷണി നിലനിൽക്കുന്നുണ്ടോ എന്ന തരത്തിലുള്ള റിപ്പോർട്ടുകൾ പരിഗണിക്കേണ്ടതില്ലെന്നും എന്നാൽ ടിയാന്റെ സ്വഭാവവും പൂർവ്വകാലചരിത്രവും സംബന്ധിച്ച പോലീസ് റിപ്പോർട്ട് അനിവാര്യമാണെന്നും സംസ്ഥാനത്തെ എല്ലാ ലൈസൻസിംഗ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly